# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 406 - 08/08/2017 - ലെ മറുപടിക്ക്

### സംസ്ഥാന പദ്ധതി അടങ്കൽ തുക

**ചോദ്യം** **ഉത്തരം**

**ശ്രീ. വി. പി. സജീന്ദ്രൻ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | ഈ സാമ്പത്തിക വർഷത്തെ ബജറ്റ് അനുസരിച്ച് സംസ്ഥാന പദ്ധതികൾക്കുള്ള അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ ആകെ എത്രയാണ്; വ്യക്തമാക്കുമോ; | 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് അനുസരിച്ച് സംസ്ഥാന പദ്ധതികൾക്കുള്ള അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ ആകെ 34566.95 കോടി രൂപയാണ്. |
| (ബി) | ഇതിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളത് എത്ര തുകയാണ്; | എസ്.സി. വിഭാഗത്തിനായി 1908.02 കോടി രൂപയും എസ്.റ്റി. വിഭാഗത്തിനായി 630.03 കോടി രൂപയുമാണ് നീക്കി വച്ചിട്ടുള്ളത്. |
| (സി) | ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക എത്ര; വ്യക്തമാക്കാമോ; | ഈ സാമ്പത്തിക വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക 6227.50 കോടി രൂപയാണ്. |
| (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് വേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും ഇത് ആകെ അനുവദിച്ച തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കാമോ? | 2016-17 സാമ്പത്തിക വർഷം എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുക യഥാക്രമം 1546.21 കോടി, 551.68 കോടി രൂപ വീതമാണ്. ഇത് ആകെ അനുവദിച്ച തുകയുടെ യഥാക്രമം 80%, 84% വീതമാണ്. |

സെക്ഷൻ ഓഫീസർ